LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ് പ്രകാരമുള്ള കടാശ്വാസത്തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് ആയത് 2015 മേയ് 21-ാം തീയതി മുതൽ മൂന്ന് വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. കമ്മീഷന്റെ അന്തിമ ഉത്തരവിൽ ശിപാർശ ചെയ്ത കടാശ്വാസത്തുക അനുവദിച്ചശേഷം സഹകരണസംഘം രജിസ്ട്രാർ മുഖേന നിർദ്ദിഷ്ട പരിശോധനകൾ നടത്തി തുക വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കമ്മീഷനിൽനിന്ന് അന്തിമ ഉത്തരവുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്കുതന്നെ പരിശോധനക്കായി രജിസ്ട്രാർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കടാശ്വാസം ലഭിക്കുന്നതിന് കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകാനുള്ള അവസാന തീയതി 31-10-2015 ആയി പുനർനിശ്ചയിച്ചു.

കമ്മീഷന്റെ ദൈനംദിനകാര്യങ്ങളിൽ കൈകാര്യം ചെയ്യേണ്ടതായി വരുന്ന നിയമപരമായ പ്രശ്നങ്ങളുടെ വ്യാപ്തി കണക്കിലെടുത്ത് നിയമവകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷന്റെ ഓഫീസിൽ ലാ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷൻ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അപേക്ഷകളിലെ തീർപ്പ് കൽപ്പിക്കൽ ത്വരിതപ്പെടുത്തുന്നതിനും ഉതകുന്നവിധം രണ്ട് സീനിയർ കൃഷി ഓഫീസർമാരുടെയും ഒരു കൃഷി അസിസ്റ്റന്റിന്റെയും സേവനം അനുവദിച്ചുനൽകിയിട്ടുണ്ട്. കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ പരമാവധി വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി മലയോര ജില്ലകളായ ഇടുക്കിയിലും വയനാട്ടും എല്ലാ മാസവും സിറ്റിംഗ് നടത്തുകയും പരമാവധി അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തുവരുന്നുണ്ട്.

കുടുംബശ്രീയുടെ വിവിധ പദ്ധതികൾ

23 (*143) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. ശിവൻകുട്ടി :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങൾക്ക് വരുമാനം നേടിക്കൊടുക്കുന്ന മൃഗസംരക്ഷണ കാർഷിക പദ്ധതികളായ എം.കെ.എസ്.പി., സമഗ്ര എന്നീ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഫണ്ടിംഗ് സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ ; ഫണ്ട് കൃത്യസമയത്ത് തന്നെ ലഭ്യമാകുന്നുണ്ടോ ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) ഗ്രാമീണ സ്ത്രീകളുടെ ഉന്നമനത്തിനായി ചെറുകിട പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിനുപകരം മീഡിയാശ്രീ പോലുള്ള പദ്ധതികളുമായി മുന്നോട്ടു പോകാൻ കുടുംബശ്രീയെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇത്തരം പദ്ധതികൾ സ്ത്രീകളുടെ സ്വാശ്രയത്വത്തിന് എങ്ങനെ സഹായകരമാകും എന്ന് വ്യക്തമാക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്. എം.കെ.എസ്.പി., സമഗ്ര എന്നീ പദ്ധതികളുടെ പുരോഗതി സിഡിഎസ് തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ചാർജ്ജ് ഓഫീസർമാരുടെ മേൽനോട്ടത്തിലും ബ്ലോക്ക് തലത്തിൽ ചുമതലയുള്ള ബ്ലോക്ക് കോ-ഓർഡിനേറ്റർ വഴിയും ജില്ലാ സംസ്ഥാന തലങ്ങളിൽ കുടുംബശ്രീ ഉദ്യോഗസ്ഥർ മുഖേനയും സമയബന്ധിതമായി അവലോകനം നടത്താറുണ്ട്.

(ബി) എം.കെ.എസ്.പി. പദ്ധതിക്ക് 2011-2014 കാലഘട്ടത്തിലേക്കാണ് അനുമതി ലഭിച്ചിരുന്നത്. 79,17,61,220 രൂപയാണ് ആകെ പദ്ധതി ഇക. ആയതിന്റെ 36,12,06,890 രൂപ കേന്ദ്രവിഹിതമായും 27,85,54,330 രൂപ സംസ്ഥാന വിഹിതമായും 14,00,00,000 രൂപ എൻ.ആർ.എൽ.എം. പദ്ധതി മുഖേനയും 1,20,00,000 രൂപ എൻ.ആർ.ഇ.ജി.എസ്. മുഖേനയുമാണ് ലഭ്യമാകുന്നത്. കേന്ദ്ര വിഹിതമായി 9.3 കോടി രൂപ 9-11-2011 ൽ ലഭ്യമായിട്ടുണ്ട്. സംസ്ഥാന വിഹിതം നൽകിയിട്ടില്ല. എം.കെ.എസ്.പി. പദ്ധതി 2014-15, 2015-16 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്രസർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സമഗ്ര മൃഗസംരക്ഷണ മേഖലയിൽ 2012-13, 2013-14, 2014-15, 2015-16 കാലഘട്ടങ്ങളിൽ ആടുഗ്രാമം, ക്ഷീരസാഗരം പദ്ധതികൾക്കായി 20,10,37,500 രൂപ കുടുംബശ്രീക്ക് ലഭ്യമായ സംസ്ഥാന വിഹിതത്തിൽ പ്രാദേശിക സാമ്പത്തിക വികസന ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

(സി) ഗ്രാമീണ സ്ത്രീകളെ ചെറുകിട സംരംഭങ്ങളിൽ നിന്നും സാങ്കേതിക മേഖലകളിലേക്ക് കൂടി ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് ചെറുകിട പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനോടൊപ്പം മീഡിയാശ്രീ പോലുള്ള സാങ്കേതിക പദ്ധതികൾ കൂടി കുടുംബശ്രീ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തയ്യാറായിട്ടുള്ളത്.

(ഡി) മീഡിയാശ്രീ പദ്ധതി മുഖേന മാധ്യമരംഗത്തും ഡോക്യുമെന്ററി നിർമ്മാണത്തിലും കുടുംബശ്രീ അംഗങ്ങൾ പ്രവേശിക്കുവാനും അതുവഴി പ്രൊഫഷണൽ പരിശീലനം നേടുവാനും തൊഴിൽ കണ്ടെത്തുവാനും കഴിയും. പരിശീലനം സിദ്ധിച്ചവരെ ഭാവിയിൽ സുസ്ഥിരവരുമാനം ലഭിക്കുന്ന തൊഴിൽ യൂണിറ്റുകളായി നിലനിർത്തി കൊണ്ട് സർക്കാർ തലത്തിലും അല്ലാതെയുമുള്ള ഡോക്യുമെന്റേഷൻ ഏറ്റെടുത്ത് നടത്തുവാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly